**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 16 .02. 2023

## "OPERATION RICE BOWL"- നെല്ല് സംഭരണത്തിലെ അഴിമതി കണ്ടെത്തുന്നതിനായി വിജിലൻസിന്റെ സംസ്ഥാനതല മിന്നൽ പരിശോധന : വ്യാപക ക്രമക്കേടുകൾ കണ്ടെത്തി

കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലെ സപ്ലൈകോ പാഡി മാർക്കറ്റിംഗ് ഓഫീസർമാരും (PMO) പാഡി ക്വാളിറ്റി അസെസ്സ്മെന്റ് ഓഫീസർമാരും (PQAO) സംസ്ഥാന കൃഷിവകുപ്പിന് കീഴിലുള്ള ചില കൃഷി ഓഫീസർമാരും നെല്ല് സംഭരണത്തിനായി മില്ലുടമകൾ നിയോഗിക്കുന്ന ഏജന്റുമാരും ഒത്ത് കളിച്ച് കർഷകരിൽ നിന്നും യഥാർത്ഥത്തിൽ സംഭരിക്കുന്ന നെല്ലിന്റെ അളവിൽ കൃത്രിമത്വം കാണിച്ച് സർക്കാർ നെല്ലിന്റെ താങ്ങുവിലയായി നൽകുന്ന സഹായധനത്തിൽ നിന്നും വൻ തുക തട്ടിയെടുക്കുന്നതായി ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി വിജിലൻസ് 14.02.2023 രാവിലെ 11 മണി മുതൽ ആരംഭിച്ച മിന്നൽ പരിശോധന പല സ്ഥലങ്ങളിലും ഇപ്പോഴും നടന്നു വരുന്നു.

ഓരോ സീസണിലും കർഷകർ നെല്ല് കൃഷിയിറക്കുന്നതിന് മുമ്പായി സപ്ലൈകോയുടെ Online Portal ആയ supplycopaddy.in എന്ന website-ൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതായുണ്ട്. ഇപ്രകാരം അപേക്ഷ സമർപ്പിക്കുന്ന വേളയിൽ നെൽകൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്വന്തം പേരിലുള്ള/പാട്ടത്തിനെടുത്ത ഭൂമിയുടെ വിസ്തീർണ്ണമടങ്ങിയ ഭൂമിയുടെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് കർഷകൻ വില്ലേജ് ഓഫീസിൽ നിന്നും വാങ്ങി രജിസ്റ്റർ ചെയ്യേണ്ടതാകുന്നു. എന്നാൽ പല കർഷകരും യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന പ്രദേശത്തേക്കാൾ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്നതായി കാണിച്ച് രജിസ്റ്റർ ചെയ്യുന്നതായും തുടർന്ന് നെല്ല് സംഭരണ വേളയിൽ പ്രസ്തുത ഭൂമിയിൽ നിന്നും നെല്ല് സംഭരണത്തിന് നിയോഗിച്ചിട്ടുള്ള മില്ലുടമയുടെ ഏജന്റ് കർഷകനെ സമീപിക്കുകയും കൃഷി ഓഫീസർ പ്രസ്തുത വർഷം സാക്ഷ്യപ്പെടുത്തിയ ഉല്പാദനത്തിന്റെ തോത് അനുസരിച്ചുള്ള നെല്ല് കർഷകൻ കൃഷി ചെയ്തതായി കാണിക്കുന്നതിനും യഥാർത്ഥ നെല്ല് ഉല്പാദനത്തേക്കാൾ കൂടുതലായി കാണിക്കുന്ന നെല്ലിന്റെ അളവിന് ആനുപാതികമായ കമ്മീഷൻ വാഗ്ദാനം ചെയ്ത് കർഷകന്റെ അനുമതി വാങ്ങിയ ശേഷം അന്യസംസ്ഥാനത്ത് നിന്നും നെല്ല് കുറഞ്ഞ വിലയ്ക്ക് വാങ്ങി പാഡി മാർക്കറ്റിംഗ് ഓഫീസർമാർക്കും കൃഷി ഓഫീസർമാർക്കും കൈക്കൂലി നൽകി പ്രസ്തുത നെല്ലും കർഷകൻ കൃഷി ചെയ്തതാണെന്ന് സാക്ഷ്യപ്പെടുത്തി മില്ലുകാർ കർഷകർക്ക് കൊടുക്കുന്ന Paddy Receipt Sheet-ൽ ചേർത്ത് നൽകി വരുന്നു. തുടർന്ന് സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങളും താങ്ങുവിലയും കർഷകന്റെ അക്കൌണ്ടിൽ എത്തിക്കഴിഞ്ഞാൽ ഏജന്റുമാർ അവരെ സമീപിച്ച് മുൻ നിശ്ചയപ്രകാരം പണം വീതിച്ചെടുക്കുന്നതായും വിജിലൻസിന് വിവരം ലഭിച്ചിരുന്നു.

നെല്ല് സംഭരണത്തിനായി സർക്കാരുമായി ഒപ്പ് വച്ചിട്ടുള്ള മില്ലുകാർ കൂടുതൽ ഉല്പാദനം ഉള്ള പടശേഖരങ്ങൾ അനുവദിച്ച് കിട്ടുന്നതിനായി പാഡി മാർക്കറ്റിംഗ് ഉദ്യോഗസ്ഥർക്ക് കൈക്കൂലി നൽകുന്നതായും കൈക്കൂലി കൊടുക്കാത്തവർക്ക് ദൂരക്കൂടുതലുള്ളതും ബുദ്ധിമുട്ടുള്ളതും ഉല്പാദനം കുറഞ്ഞതുമായ പാടശേഖരങ്ങൾ അനുവദിക്കുന്നതായും വിജിലൻസിന് രഹസ്യ വിവരം ലഭിച്ചിരുന്നു.

ഒരോ ഹെക്ടർ സ്ഥലത്ത് നിന്നും സംഭരിക്കുന്ന നെല്ലിനും ആനുപാതികമായുള്ള അരി സപ്ലൈ കോയ്ക്ക് മില്ലുകൾ തിരികെ നൽകണം. എന്നാൽ ചില സ്ഥലങ്ങളിൽ ചില മില്ലുകാർ അന്യ സംസ്ഥാനത്ത് നിന്നും കുറഞ്ഞ വിലയ്ക്ക് നിലവാരം കുറഞ്ഞ അരി തന്നെ വാങ്ങി അത് സപ്ലൈ കോയ്ക്ക് കൂടിയ വിലയ്ക്ക്, പാടശേഖരത്തിൽ നിന്നും കർഷകർ ഉല്പാദിപ്പിച്ചതായി തെറ്റിദ്ധരിപ്പിച്ച് നൽകി സർക്കാർ ഖജനാവിൽ നിന്നും സബ് സിഡി പണം തട്ടിയെടുക്കുന്നതായും ചില കൃഷി ഓഫീസർമാർ നെല്ലുല്പാദനം നടത്തിയതായി സാക്ഷ്യപ്പെടുത്തുന്ന പാടശേഖരത്തിൽ തന്നെ പ്രകൃതി ക്ഷോഭം മൂലം കൃഷി നശിച്ച പോയതായി സാക്ഷ്യപ്പെടുത്തി സർക്കാർ ധനസഹായം കൈപ്പറ്റുന്നതിന് ഒത്താശ ചെയ്ത് കൊടുക്കുന്നതായും വിജിലൻസിന് രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധന നടത്തുന്നത്.

മിന്നൽ പരിശോധനയിൽ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ കിഴുവില്ലത്തിന് കീഴിലുള്ള കൃഷി ഭവന് കീഴിലും നെയ്യാറ്റിൻകര താലൂക്കിലെ കാരോട് കൃഷി ഭവന്റെ പരിധിയിലും നെൽകൃഷി നടത്തുന്നതായും ചില കർഷകർ രജിസ്റ്റർ ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി യഥാർത്ഥത്തിൽ കൃഷി ചെയ്യുന്നതിനേക്കാൾ വളരെ കൂടുതലാണെന്നും നെയ്യാറ്റിൻകര താലൂക്കിലെ കാരോടിൽ ഒരു കർഷകൻ നാലേക്കറിൽ കൃഷി ചെയ്യുന്നതായി കാണിച്ച് സബ് സിഡി നേടിയെടുത്തിരിക്കുന്നതായം എന്നാൽ യഥാർത്ഥത്തിൽ 65 സെന്റ് വസ്തുവിൽ മാത്രമേ കൃഷി നടത്തുന്നുള്ളൂവെന്നും കാരോട് കൃഷി ഭവനിൽ നിന്നും കർഷകർക്ക് വിതരണം ചെയ്യുന്ന വസ്തുവിൽ രേഖപ്പെടുത്തിയ രജിസ്റ്ററിൽ വിത്തിന്റെ അളവ് രേഖപ്പെടുത്താതെ ഉദ്യോഗസ്ഥർ കർഷകരിൽ നിന്നും ഒപ്പിട്ട് വാങ്ങിയതായും വിജിലൻസ് കണ്ടെത്തി.

കൊല്ലം ജില്ലയിൽ ഇടമുളയ്ക്കലിൽ നാലേക്കറിൽ ഒരു കർഷകൻ നെൽ കൃഷി നടത്തി സബ് സിഡി വാങ്ങി സപ്ലൈ കോയ്ക്ക് നെല്ല് നൽകി വരുന്നതായി കാണിച്ചിട്ടുണ്ടെങ്കിലും സ്ഥല പരിശോധനയിൽ ഈ കർഷകന് 1.55 ഏക്കറിൽ മാത്രമേ നെൽകൃഷിയുള്ളൂവെന്നും ഓടനാവട്ടത്ത് 140 സെന്റ് സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതായുണ്ടെങ്കിലും യാഥാർത്ഥത്തിൽ 73 സെന്റ് സ്ഥലത്ത് മാത്രമേ നെൽകൃഷി ചെയ്യുന്നുള്ളൂവെന്നും ശൂരനാട് 1.5 ഏക്കറിൽ നെൽകൃഷി ചെയ്യുന്നതായി കാണിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ 91 സെന്റ് സ്ഥലത്ത് മാത്രമേ നെൽകൃഷി ചെയ്യുന്നുള്ളൂവെന്നും വിജിലൻസ് കണ്ടെത്തി.

മിന്നൽ പരിശോധനയിൽ കോട്ടയം സപ്ലൈകോയുടെ കീഴിലുള്ള പാഡി മാർക്കറ്റിംഗ് ഓഫീസിൽ ചില കർഷകർ മില്ലുകാർക്ക് വേണ്ടി ഏജന്റുമാരായി പ്രവർത്തിച്ച് കർഷകരിൽ നിന്നും വാങ്ങുന്ന ഓരോ ക്വിന്റൽ നെല്ലിനും 2 മുതൽ 8 കിലോഗ്രാം നെല്ല് വരെ കൂടുതൽ ശേഖരിച്ച് വരുന്നതായും കല്ലറ കൃഷി ഓഫീസിന്റെ പരിധിയിലുള്ള പാടശേഖരത്തെ ഒരു കർഷകൻ യഥാർത്ഥത്തിൽ ഉള്ള കൃഷി ഭൂമിയേക്കാൾ രണ്ടേക്കർ കൂടുതൽ സപ്ലൈകോയുടെ ഓൺലൈനിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യങ്ങൾ നേടി വരുന്നതായും ആലപ്പുഴ ജില്ലയിലെ മാങ്കോമ്പിൽ ഏഴ് കർഷകരുടേതായി 4.80 ഏക്കർ നെൽകൃഷി നടത്തുന്നതായി രജിസ്റ്റർ ചെയ്ത ശേഷം യാതൊരു കൃഷിയും നടത്താതെ സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ കൈപ്പറ്റി വരുന്നതായും മാങ്കൊമ്പിൽ തന്നെ മറ്റൊരു കർഷകൻ 4.12 ഏക്കർ നെൽകൃഷി നടത്തുന്നതായി രജിസ്റ്റർ ചെയ്തിട്ടുള്ളതായും എന്നാൽ സ്ഥലപരിശോധനയിൽ 3.2 ഏക്കർ സ്ഥലം മാത്രമേ ടിയാൾക്ക് ഉള്ളൂവെന്നും പ്രസ്തുത സ്ഥലത്ത് നെൽകൃഷി

നടത്തുന്നില്ലായെന്നും വിജിലൻസ് കണ്ടെത്തി. കൂടാതെ കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ഒരു മില്ലിൽ കർഷകരിൽ നിന്നും നെല്ല് വാങ്ങി ശേഖരിക്കുന്നതിനോടൊപ്പം തന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നും വൻ തോതിൽ നെല്ല് വാങ്ങി ശേഖരിക്കുന്നതിൽ നിന്നും സപ്ലൈകോയ്ക്ക് അരി നൽകുന്നതിനോടൊപ്പം തന്നെ ലക്ഷ്മി, സുരേഖ, രാജധാനി എന്നീ പേരുകളിലും അരി കയറ്റി അയക്കുന്നതായും വിജിലൻസ് കണ്ടെത്തി.

ഇടുക്കി ജില്ലയിലെ നെല്ലാട് പ്രവർത്തിക്കുന്ന മില്ലിൽ കർഷകരിൽ നിന്നും സംഭരിച്ച നെല്ലും അന്യ സംസ്ഥാനത്ത് നിന്നും വാങ്ങിയ നെല്ലും അരിയാക്കി സംസ്കരണം നടത്തുന്ന സ്ഥലത്ത് ഒന്നിച്ച് സംഭരിച്ചിരിക്കുന്നതായും വിജിലൻസ് കണ്ടെത്തി.

എറണാകുളം ജില്ലയിൽ കരുമാന്നൂർ സപ്ലൈകോ അഗ്രികൾച്ചറൽ ഓഫീസിന്റെ കീഴിൽ 3.3 ഏക്കർ ഭൂമി കൃഷി ചെയ്തതായി കാണിച്ച് ആനുകൂല്യങ്ങൾ കൈപ്പറ്റിയതായി പറഞ്ഞിട്ടുണ്ടെങ്കിലും സ്ഥല പരിശോധനയിൽ 2.3 ഏക്കർ ഭൂമിയിൽ മാത്രമേ കൃഷി ചെയ്തതായി കാണപ്പെട്ടിട്ടുള്ളൂ. മറ്റൊരു കർഷകൻ 2.75 ഏക്കർ ഭൂമിയിൽ കൃഷി ചെയ്തതായി കാണിച്ച് ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുള്ളതായും എന്നാൽ ടിയാന് 2.25 ഏക്കർ സ്ഥലം മാത്രമേ ഉള്ളൂവെന്നും വിജിലൻസ് കണ്ടെത്തി.

പാലക്കാട് ജില്ല വടക്കാഞ്ചേരിയിൽ പ്രവർത്തിക്കുന്ന മില്ലിൽ ഇക്കൊല്ലം ഫെബ്രുവരി മാസം 8–ാം തീയതി പാലക്കാട് ക്വാളിറ്റി കൺട്രോൾ വിഭാഗം പരിശോധന നടത്തി ഗുണനിലവാരമില്ലാത്തതാണെന്ന് സാക്ഷ്യപ്പെടുത്തിയ 20000 കിലോ വീതമുള്ള 12 ബാച്ച് അരി 10–ാം തീയതി എറണാകുളം ഹെഡ് ഓഫീസിൽ നിന്നും തിടുക്കത്തിൽ വന്ന് പരിശോധന നടത്തി ഗുണ നിലവാരമുള്ളതാണെന്ന് അംഗീകരിച്ചിട്ടുള്ളതായും കാണുന്നു. ഈ മില്ലിലും സപ്ലൈകോ കരാറുകാരുമായുള്ള ഉടമ്പടിക്ക് വിരുദ്ധമായി കർഷകരിൽ നിന്നും സപ്ലൈകോയ്ക്ക് വേണ്ടി ശേഖരിച്ച നെല്ലും അന്യ സംസ്ഥാനത്തുള്ള നെല്ലും ഒരുമിച്ച് സൂക്ഷിച്ചിരിക്കുന്നതായും ഇവിടെ കർഷകനിൽ നിന്ന് നെല്ല് സംഭരിക്കുന്നതിനായി ഏജന്റുമാരെ നിയോഗിച്ച് സംഭരണ സമയത്ത് കർഷകർക്ക് രസീത് നൽകാതെ ഒരു മാസം കഴിഞ്ഞ് രസീത് നൽകി വരുന്നതായും വിജിലൻസ് കണ്ടെത്തി.

പാലക്കാട് ജില്ലയിലെ കാവശ്ശേരി കൃഷി ഭവന് കീഴിലുള്ള നാലേക്കറോളം വരുന്ന കൃഷി ചെയ്യാത്ത ഒരു പാടശേഖത്തിൽ നിന്നും നെല്ല് ശേഖരിക്കുന്നതിന് അപേക്ഷിച്ചിരിക്കുന്നതായും തരൂർ കൃഷി ഭവന് കീഴിൽ പാടശേഖര സമിതി സെക്രട്ടറിയ്ക്ക് യഥാർത്ഥത്തിലുള്ള 98 സെന്റ് സ്ഥലത്തിന് പകരം 133 സെന്റിൽ നിന്നും നെല്ല് ശേഖരിക്കുന്നതിന് പാഡി ഓഫീസർമാർ അനുമതി നൽകിയിട്ടുള്ളതായും പുതുക്കോട് കൃഷിഭവനിലെ കർഷകരുടെ ലിസ്റ്റ് പരിശോധിച്ചതിൽ കുറേയധികം കർഷകരുടെ പേര് ആവർത്തിച്ചിട്ടുള്ളതായും വിജിലൻസ് കണ്ടെത്തി.

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ രജിസ്റ്റർ ചെയ്ത കർഷകരിൽ ചിലർ യഥാർത്ഥത്തിലുള്ള കൂടുതൽ ഭൂമിയിൽ കൃഷി ചെയ്യുന്നതായി രജിസ്റ്റർ ചെയ്തിട്ടുള്ളതായും തിരൂർ താലൂക്കിൽ കർഷകർ രജിസ്റ്റർ ചെയ്തിരിക്കുന്ന സർവ്വേ നമ്പരിലുള്ള കൃഷി ഭൂമിയിൽ കർഷകർ കൃഷി ചെയ്യുന്നില്ലായെന്നും വിജിലൻസ് കണ്ടെത്തി.

ഇത് കൂടാതെ സപ്ലൈകോയുമായി നെല്ല് കുത്തി അരിയാക്കുന്നതിന് കരാർ ഒപ്പ് വച്ചിരിക്കുന്ന പല മില്ലുകളിലും സംഭരിക്കുന്ന നെല്ലിന്റെ അളവിലും അരിയാക്കി തിരികെ സപ്ലൈകോയ്ക്ക് വിതരണം ചെയ്യുന്നതിന്റെ അളവും സൂക്ഷിക്കുന്നില്ലായെന്നും ഇത് ക്രമക്കേട് നടത്തുന്നതിന് വേണ്ടിയാണെന്നും എറണാകുളം ജില്ലയിലെ പെരുമ്പാവൂർ പാഡി മാർക്കറ്റിംഗ് ഓഫീസിൽ നടത്തിയ പരിശോധനയിൽ അനുവദനീയമായതിലും കൂടുതൽ നെല്ല് ഏജന്റുമാർ മുഖേന മില്ലുടമകൾ വാങ്ങിയിരുന്നതായും വിജിലൻസ് കണ്ടെത്തി.

സംസ്ഥാനത്ത് സപ്ലൈകോയുടെ കീഴിലുള്ള പാഡി മാർക്കറ്റിംഗ് ഓഫീസിൽ സംഭരിക്കുന്ന നെല്ലിന്റെ അളവും വിതരണവും രേഖപ്പെടുത്തേണ്ട അലോക്കേഷൻ രജിസ്റ്ററും ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററും കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ലായെന്നും ഇത് ക്രമക്കേട് നടത്തുന്നതിന് വേണ്ടിയാണെന്നും വിജിലൻസ് കണ്ടെത്തി.

ഇപ്പോൾ നടന്നു വരുന്ന മിന്നൽ പരിശോധനയിൽ പാലക്കാട്, തൃശ്ശൂർ, കണ്ണൂർ തുടങ്ങി ജില്ലകളിൽ നെല്ല് സംഭരിക്കുന്നതിന് ഉത്തരവാദപ്പെട്ട പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ സാന്നിദ്ധ്യത്തിലല്ലാതെ മില്ലുകാർ നേരിട്ട് കർഷകരിൽ നിന്നും നെല്ല് ഏജന്റുമാർ മുഖേന ശേഖരിച്ച് വരുന്നതായും ഉദ്യോഗസ്ഥരുടെ അസാന്നിദ്ധ്യം മുതലാക്കി മില്ലുടമകൾ പുലർച്ചകളിലോ വൈകുന്നേരങ്ങളിലോ എത്തിയാണ് നെല്ല് സംഭരിക്കുന്നതെന്നും ഈർപ്പക്കൂടുതലിന്റെ പേര് പറഞ്ഞ് യഥാർത്ഥ തൂക്കത്തിലുള്ള നെല്ലിന്റെ അളവ് കർഷകർക്കുള്ള രസീതുകളിൽ കാണിക്കുന്നില്ലായെന്നും വിജിലൻസ് കണ്ടെത്തി.

മിന്നൽ പരിശോധനയിൽ സംസ്ഥാനത്തെ എല്ലാ പാഡി മാർക്കറ്റിംഗ് ഓഫീസുകളിലും ബന്ധപ്പെട്ട കൃഷി ഓഫീസുകളിലും അനർഹമായ സർക്കാർ സഹായം കൂടുതൽ നേടിയെടുത്ത കർഷകരുടെ പാടങ്ങളും മില്ലുകളും വിജിലൻസ് സംഘം പരിശോധിച്ചു വരുന്നു. തുടർന്നുള്ള ദിവസങ്ങളിൽ **മില്ലുകാർ അധികമായി അന്യസംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച വിലകുറഞ്ഞ നെല്ല് ഇവിടുത്തെ കർഷകർ അധികമായി രജിസ്റ്റർ ചെയ്ത നിലത്ത് നിന്നും ഉല്പാദിപ്പിച്ചിട്ടുള്ളതായി കാണിച്ച് സർക്കാരിൽ നിന്നും താങ്ങു വിലയായി നൽകുന്ന് പണം വെട്ടിച്ചിട്ടുണ്ടോയെന്നും ഇത്തരം ക്രമക്കേടുകളിൽ മില്ലുകാർ നിയോഗിക്കുന്ന ഏജന്റുമാരുടെ പങ്കും കണ്ടെത്തുന്നതിനുള്ള** പരിശോധന തുടരുന്നതാണെന്നും വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം . ഐ,.പി.എസ് അറിയിച്ചു.

വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം.ഐ.പി.എസ്-അവർകളുടെ ഉത്തരവ് പ്രകാരം വിജിലൻസ് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ശ്രീമതി.ഹർഷിത അട്ടല്ലൂരി.ഐ.പി.എസ്-ന്റെ മേൽനോട്ടത്തിൽ നടത്തിയ സംസ്ഥാനതല മിന്നൽ പരിശോധനയിൽ പോലീസ് സൂപ്രണ്ട് (ഇന്റ്) ശ്രീ.ഇ.എസ്.ബിജുമോൻ നേതൃത്വം നൽകി. സംസ്ഥാനത്തെ എല്ലാ വിജിലൻസ് യൂണിറ്റുകളും മിന്നൽ പരിശോധനയിൽ പങ്കെടുത്തു വരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.